(ബി) തോട്ടം ഉടമസ്ഥന് കൈവശമുള്ള തോട്ട ഭൂമിയുടെ എത്ര ശതമാനം ഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാം എന്നാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് സർക്കാർ ഭൂമിയുടെ മുഖവിലയുടെ എത്ര ശതമാനം പിഴയോ ഫീസോ ആയി ഈടാക്കുന്നുണ്ട്; പ്രസ്തുത ഇനത്തിൽ എത്ര കോടി രൂപ നടപ്പു സാമ്പത്തിക വർഷം റവന്യൂ വരുമാനം പ്രതീക്ഷിക്കുന്നുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) വീട് വയ്ക്കുന്നതിന് നെൽവയൽ നികത്തിയ മുൻകാല നടപടി റഗുലറൈസ് ചെയ്യുന്നതിന് ഭൂമിയുടെ ന്യായവിലയുടെയോ, പ്രസ്തുത ഭൂമിയുടെ ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ, ന്യായവിലയുടെയോ 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ടുള്ള ക്രമവത്ക്കരിക്കലാണ് തീരുമാനിച്ചിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷത്തെ 'Budget Speech'-ൽ മുൻ ധനകാര്യ വകുപ്പുമന്ത്രി '150 കോടി' രൂപയാണ് ഈ ഇനത്തിൽ വരുമാനം പ്രതീക്ഷിക്കുന്നത്.

(ബി) 5%. ഇക്കാര്യത്തിൽ ഫീസോ പിഴയോ ഈടാക്കുന്നില്ല.

തുപ്രയാർ താലൂക്ക് രൂപീകരണം

177 (1256) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുപ്രയാർ താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശം പരിഗണിച്ച് തുപ്രയാർ താലൂക്ക് രൂപീകരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പ്രസ്തുത നിർദ്ദേശത്തിന്മേൽ ലാന്റ് റവന്യൂ കമ്മീഷണറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

നെൽവയൽ നീർത്തട സംരക്ഷണ നിയമം

178 (1257) ശ്രീ. ഗുരുക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ടിന് അനുബന്ധമായിട്ടാണ് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. 2008-ന് മുമ്പ് നികത്തപ്പെട്ടതോ നികത്തപ്പെട്ടതോ ആയ ഭൂമി. പ്രസ്തുത ഭൂമിയുടെ ന്യായവിലയുടെ 25% ഈടാക്കി ക്രമവത്ക്കരിക്കാവുന്നതും ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്ത സംഗതിയിൽ ടി ഭൂമിയുടെ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ, ന്യായവിലയുടേയോ, 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ട് അങ്ങനെയുള്ള രൂപാന്തരപ്പെടുത്തലോ, പരിവർത്തനപ്പെടുത്തലോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്രമവത്ക്കരിക്കുന്ന രീതിയിലാണ് നെൽവയൽ സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ടിന് അനുബന്ധമായി ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

സ്റ്റാമ്പ് ഡിപ്പോയിൽ മുദ്രപത്രങ്ങൾ കെട്ടിക്കിടക്കുന്ന സാഹചര്യം

179 (1259) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിനുകീഴിലുള്ള സ്റ്റാമ്പ് ഡിപ്പോയിൽ 25 പൈസ, 50 പൈസ, 1 രൂപ മുദ്രപത്രങ്ങൾ കെട്ടിക്കിടക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇതിനുള്ള കാരണവും പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏറിടെ നിന്നെല്ലാമുള്ള മുദ്രപത്രങ്ങളാണ് വിതരണം നടത്തുന്നതിന് അനുമതിയുള്ളത്;

(സി) സ്റ്റാമ്പ് ഡിപ്പോയിൽ കെട്ടിക്കിടക്കുന്ന മുദ്രപത്രങ്ങൾ ഇ-വാലിഡേറ്റ് ഉപയോഗിച്ച് ഇതുമൂലമുണ്ടാകുന്ന നഷ്ടമൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വ്യാജ മുദ്രപത്രങ്ങൾ കണ്ടെത്തുന്നതിന് എല്ലാ ജില്ലകളിലും പരിശോധനകൾ കൃത്യമായ ഇടവേളകളിൽ നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ മതിയായ ജാഗ്രത പുലർത്തുന്നതിന് പ്രത്യേകം ശ്രദ്ധ നൽകുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ 25 പൈസ, 50 പൈസ, 1 രൂപ മുദ്ര പത്രങ്ങൾ ഒന്നുംതന്നെ സ്റ്റോക്ക് ഇല്ല.